**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3754 25.06.2013 ൽ മറുപടിയ്ക്ക്

**പരുത്തിക്കുഴിയിലെ ഐസ്ക്രീം കമ്പനിക്കെതിരെയുള്ള പരാതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വില്ലേജിൽ അമ്പലത്തറ വാർഡിൽ പരുത്തിക്കുഴിയിൽ പ്രവർത്തിക്കുന്ന സൗത്ത് ഷോർ ഐസ്ക്രീം കമ്പനി മലിനീകരണം നടത്തുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ പ്രസ്തുത പരാതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്.<br>ഇതു സംബന്ധിച്ച്, പരുത്തിക്കുഴി 'മിത്രാ നഗർ റസിഡൻസ് അസോസിയേഷൻ' . നല്കിയ പരാതിയിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>(1) ഐസ്ക്രീം വില്പന നടത്താനായി തുടങ്ങിയ യൂണിറ്റ് തുടർന്ന് ഐസ്ക്രീം ഉല്പാദിപ്പിക്കുന്നതിനായി മാറ്റി.<br>(2) ദുർഗന്ധവും, കൊതുകുശല്യവും ഉണ്ടാക്കുന്നു. |
| (സി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത പരാതിയിൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ, ഇനി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെ; വ്യക്തമാക്കുമോ ? | (സി) യും (ഡി) യും | 21.05.2013 ൽ പ്രസ്തുത സ്ഥാപനം പ്രവർത്തനാനുമതിക്ക് അപേക്ഷിക്കുകയും മലിനീകരണ നിയന്ത്രണബോർഡ് 06/06/2013 ൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. യൂണിറ്റിൽ നിന്നുള്ള നിന്നുള്ള പാഴ് ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഈ പ്ലാന്റ് കാര്യക്ഷമമായി പ്രവർത്തനം തുടങ്ങുന്നതോടെ പരാതിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുന്നതാണ്. ടി യൂണിറ്റ് മലിനീകരണ നിയന്ത്രണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ പ്രവർത്തനാനുമതി നല്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ